LIBRARY ARCHIVES Kerala Legislative Assembly

മിനിസ്റ്റീരിയൽ ജീവനക്കാരുടെ അപര്യാപ്തത

221 (4556) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ കുറവുമൂലം ഓഫീസ് പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽഎത്ര ഒഴിവുകൾ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് വിശദമാക്കാമോ ;

(സി) പി.എസ്.സി. നിയമനം വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പയ്യന്നൂർ ഡിപ്പോയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള എണ്ണവും നിലവിലുള്ള ഒഴിവുകളും തസ്തിക തിരിച്ചുള്ളത് ചുവടെ ചേർക്കുന്നു :

തസ്തിക	അനുവദിച്ചിട്ടുള്ള എണ്ണം	ഒഴിവുകളുടെ എണ്ണം
സൂപ്രണ്ട്	3	2
ജൂനിയർ അസിസ്റ്റന്റ്	25	15

(സി) പി.എസ്.സി.-യിൽനിന്നും NAC (Non Available Candidate) ലഭ്യമാകുന്നതിനനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

എ.സി. ലോ ഫ്ലോർ ബസ്

222 (4557) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് എ.സി. ലോ ഫ്ലോർ ബസ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ ബസ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സർവ്വീസ് മാവേലിക്കരയിൽ നിന്നും ഗുരുവായൂരിലേക്കോ, തിരുവനന്തപുരത്തേക്കോ ആരംഭിക്കുന്നതിനുള്ള ഫീസിബിലിറ്റി സ്റ്റഡി അടക്കം ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് ഒരു നോൺ എ.സി. ലോ ഫ്ലോർ ബസ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം ജില്ലാ കേന്ദ്രങ്ങൾക്കാണ് എ.സി. ലോ ഫ്ലോർ ബസുകൾ അനുവദിച്ചിരിക്കുന്നത് എന്നതിനാലും ഈ ബസുകൾക്ക് പ്രത്യേക പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുള്ളതിനാൽ മറ്റ് ഡിപ്പോകളിലേക്ക് നൽകുവാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി.യിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പുനർനിയമനം

223 (4558) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച ഏതെല്ലാം ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ.ടി.സി.-യിൽ പുനർനിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും അവരുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചശേഷം കെ.എസ്.ആർ.ടി.സി.-യിൽ പുനർനിയമനം നൽകിയവരുടെ തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly